**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1469** **07-10-2021 - ൽ മറുപടിയ്ക്ക്**

**സാങ്കേതിക സർവകലാശാല ആസ്ഥാനത്തിന് ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സാങ്കേതിക സർവ്വകലാശാല ആസ്ഥാനമന്ദിരത്തിന് ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തി നിർത്തിവെച്ചിട്ടുണ്ടോ; നിലവിൽ എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്നും എത്ര ഏക്കർ ഭൂമിയുടെ വില നൽകിയിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ വില്ലേജിൽ എ പി ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അർത്ഥനാധികാരിയായ രജിസ്ട്രാർ, എ പി ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥാനത്തിൽ എൽ എ ആർ ആർ ആക്ട്, 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിക്കുകയുണ്ടായി. വിളപ്പിൽ വില്ലേജിലെ 39.1996 ഹെക്ടർ (96.84 ഏക്കർ)ഭൂമി ഏറ്റെടുക്കുന്നതിനുള്ള 19(1) പ്രഖ്യാപനം 27/01/2021 ലെ സ.ഉ.(അച്ചടി) നം. 12/2021/റവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായി നിർണ്ണയിച്ചിട്ടുള്ള നഷ്ടപരിഹാര തുകയായ 352 കോടിയിൽ 106 കോടി രൂപ മാത്രമാണ് അർത്ഥനാധികാരി കെട്ടി വച്ചിട്ടുള്ളത്. എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആസ്ഥാനം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 11/08/2021 ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ആദ്യഘട്ടമായി തൽക്കാലം 50 ഏക്കർ ഭൂമി ഏറ്റെടുത്താൽ മതിയെന്നും, പ്രസ്തുത 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുതുക്കിയ അലൈൻമെന്റ് സ്കെച്ച് സമർപ്പിക്കുന്നതിനും, കൂടാതെ പ്രസ്തുത 50 ഏക്കർ കണ്ടെത്തുന്നതിന് സർവ്വകലാശാല/ഉന്നത വിദ്യാഭ്യാസ/റവന്യൂ അധികൃതർ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നതിനും നിർദ്ദേശിക്കുകയുണ്ടായി. ആദ്യഘട്ടമായി 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അലൈൻമെന്റ് സ്കെച്ച് സമർപ്പിക്കുന്ന മുറയ്ക്ക് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിച്ച്, 19(1) പ്രഖ്യാപനം ഭേദഗതി വരുത്തി അവാർഡ് പാസ്സാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്. ശേഷിക്കുന്ന ഭൂമിയിലെ ഭൂവുടമകൾക്ക് ടൈറ്റിൽ (ആധാരം) തിരികെ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | സാങ്കേതിക സർവകലാശാല ആസ്ഥാനത്തിനായി ഏറ്റെടുത്ത നൂറ് ഏക്കർ ഭൂമിയിൽ അൻപത് ഏക്കർ മാത്രം വാങ്ങിയാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ബാക്കി അൻപത് ഏക്കർ ഭൂമിയുടെ കാര്യത്തിൽ ഉള്ള നിലപാട് വ്യക്തമാക്കുമോ? | (ബി) | തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ വില്ലേജിൽ എ പി ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അർത്ഥനാധികാരിയായ രജിസ്ട്രാർ, എ പി ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥാനത്തിൽ എൽ എ ആർ ആർ ആക്ട്, 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിക്കുകയുണ്ടായി. വിളപ്പിൽ വില്ലേജിലെ 39.1996 ഹെക്ടർ (96.84 ഏക്കർ)ഭൂമി ഏറ്റെടുക്കുന്നതിനുള്ള 19(1) പ്രഖ്യാപനം 27/01/2021 ലെ സ.ഉ.(അച്ചടി) നം. 12/2021/റവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായി നിർണ്ണയിച്ചിട്ടുള്ള നഷ്ടപരിഹാര തുകയായ 352 കോടിയിൽ 106 കോടി രൂപ മാത്രമാണ് അർത്ഥനാധികാരി കെട്ടി വച്ചിട്ടുള്ളത്. എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആസ്ഥാനം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 11/08/2021 ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ആദ്യഘട്ടമായി തൽക്കാലം 50 ഏക്കർ ഭൂമി ഏറ്റെടുത്താൽ മതിയെന്നും, പ്രസ്തുത 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുതുക്കിയ അലൈൻമെന്റ് സ്കെച്ച് സമർപ്പിക്കുന്നതിനും, കൂടാതെ പ്രസ്തുത 50 ഏക്കർ കണ്ടെത്തുന്നതിന് സർവ്വകലാശാല/ഉന്നത വിദ്യാഭ്യാസ/റവന്യൂ അധികൃതർ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നതിനും നിർദ്ദേശിക്കുകയുണ്ടായി. ആദ്യഘട്ടമായി 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അലൈൻമെന്റ് സ്കെച്ച് സമർപ്പിക്കുന്ന മുറയ്ക്ക് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിച്ച്, 19(1) പ്രഖ്യാപനം ഭേദഗതി വരുത്തി അവാർഡ് പാസ്സാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്. ശേഷിക്കുന്ന ഭൂമിയിലെ ഭൂവുടമകൾക്ക് ടൈറ്റിൽ (ആധാരം) തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ